**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1130** **06-10-2021 - ൽ മറുപടിയ്ക്ക്**

**യുവജന ക്ഷേമബോർഡിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ എം എസ് അരുൺ കുമാർ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് യുവജന ക്ഷേമബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് യുവജന ക്ഷേമ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 2022-23 സാമ്പത്തിക വർഷം ഓൺലൈൻ ഡെലിവറി സംവിധാനം, എൽ.ഇ.ഡി ബൾബ് നിർമ്മാണം, സെക്യൂരിറ്റി സർവ്വീസ്, വേസ്റ്റ് മാനേജ്മെന്റ്, ടൂറിസം വോളന്റിയർ, ബഹു ഭാഷാ സമന്വയം, പരിസ്ഥിതി പ്രവർത്തനങ്ങൾ, ശാസ്ത്രം-ചരിത്രം-സാംസ്കാരികം പ്രവർത്തനങ്ങൾ, യുവതീ ക്ളബ്ബ്, വനിതാ യൂത്ത് ഹോസ്റ്റൽ, സെൽഫ് ഡിഫൻസ് പരിശീലനം, ട്രൈബൽ സ്പോർട്സ് മത്സരങ്ങൾ, തീരദേശ കായികോത്സവം, നീന്തൽ പരിശീലനം, നാടക കളരി, ട്രക്കിംഗ്, സാഹസിക ക്യാമ്പ് തുടങ്ങിയ സാഹസിക പരിപാടികൾ, ട്രാൻസ്ജെന്റേഴ്സ് ശാക്തീകരണം, കേരള വോളന്റിറി യൂത്ത് ആക്ഷൻ ഫോഴ്സ്, പി.എസ്.സി പരിശീലനം, പാലിയേറ്റീവ് കെയർ, ലഹരി വിരുദ്ധ ക്യാമ്പയിൻ തുടങ്ങി വിവിധങ്ങളായ പദ്ധതികൾ ബോർഡ് ആസൂത്രണം ചെയ്ത് വരുന്നു. |
| (ബി) | തദ്ദേശ സ്വയംഭരണ അടിസ്ഥാനത്തിൽ യൂത്ത് കോ-ഓർഡിനേഷൻ കൗൺസിലുകൾ, യൂത്ത് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ഇതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | 2022-23 വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ യൂത്ത് കോ-ഓർഡിനേഷൻ കൗൺസിലുകൾ, യൂത്ത് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിന് പദ്ധതിയില്ല. എന്നാൽ സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും യുവശക്തി പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് / മുൻസിപ്പാലിറ്റി / കോർപ്പറേഷൻ / ജില്ലാ തലങ്ങളിൽ യൂത്ത് കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്ന പദ്ധതി യുവജനക്ഷേമ ബോർഡ് നടപ്പിലാക്കി വരുന്നുണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പദ്ധതികളും പ്രവർത്തനങ്ങളും താഴെ തട്ടിൽ എത്തിക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്ന ക്ലബ്ബുകളെ യുവജനക്ഷേമ ബോർഡുമായി ബന്ധപ്പെടുത്തുക, കേരളോത്സവം, ബോർഡിന്റെ മറ്റ് പ്രധാന പരിപാടികൾ എന്നിവയ്ക്ക് വേണ്ടത്ര പ്രചാരവും യുവജന പങ്കാളിത്തവും ഉറപ്പാക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വികസന പ്രക്രിയകളിൽ യുവജനക്ഷേമത്തിനും യുവജനക്ഷേമ ബോർഡിനും വേണ്ട പ്രാതിനിധ്യം ഉറപ്പാക്കുക, കാലാകാലങ്ങളിൽ സംസ്ഥാന യുവജനക്ഷേമ ബോർഡ് നിർദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക എന്നീ കാര്യങ്ങളാണ് യൂത്ത് കോ-ഓർഡിനേറ്റർമാർ മുഖേന ബോർഡ് നടപ്പിലാക്കി വരുന്നത്. |
| (സി) | ഡിസാസ്റ്റർ മാനേജ്മെന്റ്, ദുരിതാശ്വാസ പ്രവർത്തനം, മാലിന്യനിർമ്മാർജനം, പാലിയേറ്റീവ് പ്രവർത്തനം തുടങ്ങിയ സേവനപ്രവർത്തനങ്ങൾ സമയോചിതമായി ചെയ്യുന്നതിനുതകുന്ന യുവജന സന്നദ്ധസേന രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി എന്തൊക്കെ ലക്ഷ്യങ്ങളും പ്രവർത്തന പദ്ധതികളുമാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (സി) | ഡിസാസ്റ്റർ മാനേജ്മെന്റ് , ദുരിതാശ്വാസ പ്രവർത്തനം, മാലിന്യ നിർമ്മാർജ്ജനം, പാലീയേറ്റീവ് പ്രവർത്തനം തുടങ്ങിയ സേവന പ്രവർത്തനങ്ങൾ സമയോചിതമായി ചെയ്യുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരള വോളന്റി യൂത്ത് ആക്ഷൻ ഫോഴ്സ് എന്ന സന്നദ്ധ സേവന സേന രൂപീകരിച്ചിട്ടുണ്ട്. പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ അവയെ നേരിടാൻ യുവജന പങ്കാളിത്തത്തിൽ സന്നദ്ധ സേവകരെ തയ്യാറാക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടാണ് സേന രൂപീകരിച്ചിട്ടുള്ളത്. കാലവർഷം സമാഗതമാകുന്ന അവസരത്തിൽ വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ തുടങ്ങിയവ പോലുള്ള പ്രകൃതി ദുരന്തങ്ങൾ സംഭവിക്കുന്ന അടിയന്തിര സാഹചര്യം സംജാതമാകുന്നപക്ഷം അവയെ നേരിടുന്നതിനായി എല്ലാ ജില്ലകളിലും പരിശീലനം നേടിയ വോളന്റി യൂത്ത് ആക്ഷൻ സേനയെ സജ്ജരാക്കിയിട്ടുണ്ട്. അപകടങ്ങളും പ്രകൃതി ദുരന്തങ്ങളും ഉണ്ടാകുമ്പോൾ കേരള വോളന്റി യൂത്ത് ആക്ഷൻ ഫോഴ്സ് സേനാംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുവാൻ ഉതകുന്ന തരത്തിൽ സേനാംഗങ്ങൾക്ക് ആവശ്യമായ സാഹസിക കായിക പരിശീലനം, ഫയർ & റെസ്ക്യൂ പരിശീലനം, പ്രഥമ ശുശ്രൂഷാ പരിശീലനം എന്നിവ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ